# ഋതുയോഗം

## *[എ. ആർ. രാജരാജവർമ - മലയാള ശാകുന്തളം - ഏഴാം അങ്കം]*

*അഭിജ്ഞാനശാകുന്തളം - കാളിദാസൻ രചിച്ച സംസ്കൃത നാടകം--മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ചകൃതി - കാളിദാസൻ, വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാൾ.*

***ഏ. ആർ .രാജരാജവർമ്മ- കേരളപാണിനി** എന്നറിയപ്പെടുന്നു- ചങ്ങനാശ്ശേരിയിൽ ജനനം.*

***കൃതികൾ** –കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യ സാഹ്യം, ശബ്ദശോധിനി,മധ്യമ വ്യാകരണം, ഭാഷാകുമാരസംഭവം, മലയാള ശാകുന്തളം, മലയവിലാസം, പ്രസാദമാല.*

### ■ കഥാസംഗ്രഹം

*ഹസ്തിനപുരിയിലെ രാജാവായ ദുഷ്ഷന്തൻ മൃഗയാവിനോദത്തിനായി മാലിനീ നദിതീരത്തുള്ള കണ്വാശ്രമത്തിൽ എത്തുന്നു.

*കണ്വ മഹർഷി തന്റെ വളർത്തു മകളായ ശകുന്തളയുടെ വളർത്തുദോഷം പരിഹരിക്കുന്നതിനായി സോമതീർഥത്തിലേക്ക് പോയിരുന്നു.

*ശകുന്തളയും തോഴിമാരും ചേർന്ന് ദുഷ്ഷന്തനെ അതിഥി മര്യാദാനുസരണം സൽക്കരിക്കുകയും ശകുന്തളയും ദുഷ്ഷന്തനും പ്രണയത്തിലാവുകയും ഗാന്ധർവ്വ വിധി പ്രകാരം വിവാഹിതരാവുകയും ചെയ്യുന്നു.

*രാജ്യഭരണാർഥം രാജധാനിയിലേക്ക് പോകേണ്ടി വന്നപ്പോൾ ദുഷ്ഷന്തൻ ഗർഭിണിയായ ശകുന്തളയ്ക്ക് മുദ്രമോതിരം നൽകി നാലുനാൾക്കകം കൊട്ടാരത്തിലേക്ക് കൂട്ടികൊണ്ടുപോകാമെന്ന് അറിയിച്ച് പോകുന്നു.

*മനോവിചാരത്തിലായിരുന്ന ശകുന്തള ആശ്രമത്തിൽ അതിഥിയായി എത്തിയ ക്ഷിപ്ര കോപിയായ ദുർവാസാവിനെ കണ്ടില്ല.

*അതിഥി മര്യാദ പൂർവ്വം സൽക്കരികാത്തതിൽ ദുർവാസാവ് ശപിക്കുന്നു- ശകുന്തള ആരെയാണോ ഓ‍ാർത്തുകൊണ്ടിരിക്കുന്നത് അയാൾ അവളെ മറന്നു പോകട്ടെയെന്ന്.

*ശാപവാക്കുകൾ കേട്ട സഖിമാരായ അനസൂയയും പ്രിയംവദയും മഹർഷിയെ അനുനയിപ്പിച്ച് പരിഹാരം തേടുന്നു.

* ആരെയാണ് ഓർത്തിരിന്നു പോയത് അയാളെ എന്തെങ്കിലും അടയാളം കാണിച്ചാൽ ശാപമോക്ഷം ലഭിക്കുമെന്ന് ദുർവാസാവ് പറഞ്ഞു.

*മുദ്രമോതിരം ശകുന്തളയുടെ കയ്യിൽ ഉണ്ടായിരുന്നതിനാൽ സഖിമാർ ആശ്വസിക്കുന്നു.

*ആശ്രമത്തിലെത്തിയ കണ്വ മഹർഷി ദിവ്യദൃഷ്ടി കൊണ്ട് കാര്യങ്ങൾ മനസ്സിലാക്കിയിട്ട് ഗർഭിണിയായ ശകുന്തളയെ ശിഷ്യന്മാരോടൊപ്പം കൊട്ടാരത്തിലേക്ക് യാത്രയാക്കുന്നു.

*യാത്രമധ്യേ മുദ്രമോതിരം നഷ്ടപ്പെടുന്നു.

*കൊട്ടാരത്തിലെത്തിയ ശകുന്തളയെ ,ദുർവാസാവിന്റെ ശാപകാരണം ദുഷ്ഷന്തൻ

തിരിച്ചറിഞ്ഞില്ല .
*ദുഷ്ഷന്തൻ അപമാനിച്ച് തിരിച്ചയച്ച ശകുന്തളയെ മാതാവായ മേനക അവിടെ എത്തി കൂട്ടിക്കൊണ്ടുപോയി.
*മാരീചാശ്രമത്തിൽ വെച്ച് ശകുന്തള സർവദമനനെ പ്രസവിച്ചു.
*ദേവാസുര യുദ്ധത്തിൽ വിജയിയായി ഇന്ദ്രതേരാളിയായ മാതലിയോടൊപ്പം ഭൂമിയിലേക്കു വരുന്ന വേളയിൽ ദുഷ്ഷന്തൻ മാരീചാശ്രമത്തിൽ എത്തുന്നു. ബാല പ്രായമെത്തിയ സർവദമനനെ കാണുന്നു.

*സിംഹക്കുട്ടിയുടെ വായപൊളിച്ച് പല്ലെണ്ണിനിൽക്കുന്ന സർവദമനനെ അത്ഭുതത്തോടെ നോക്കി നിന്ന ദുഷ്ഷന്തൻ , കുട്ടിയുടെ കയ്യിൽ കെട്ടിയിരുന്ന രക്ഷ അഴിഞ്ഞുവീണ് തറയിൽ കിടന്നതെടുത്തു കെട്ടിക്കൊടുത്തു.

*അവന്റെ മാതാപിതാക്കളോ അവനോ അല്ലാതെ തറയിൽ വീണ രക്ഷ എടുത്താൽ അത് സർപ്പമായി മാറി ആ രക്ഷ എടുത്തവനെ കടിക്കും.

*തന്റെ മകനെയും (സർവദമനൻ) ശകുന്തളയേയും ദുഷ്ഷന്തൻ തിരിച്ചറിയുന്നു.

*തന്റെ കൈവശമുള്ള മുദ്രമോതിരം (ശകുന്തളയുടെ കൈയിൽനിന്ന് നഷ്ടപ്പെട്ട തിരികെ കിട്ടിയത്) ശകുന്തളയോട് അണിയാൻ ആവശ്യപ്പെടുന്നു.

*താൻ ചെയ്തുപോയ അരുതായ്മകളുടെ പേരിൽ പശ്ചാത്താപ പരവശനായ ദുഷ്ഷന്തൻ മാപ്പ് ചോദിക്കുന്നു.

*ദേവ പിതാക്കളായ ആദിതിയുടേയും ( ദാക്ഷായണി) മാരീചന്റെയും അനുഗ്രഹത്തോടെ ദുഷ്ഷന്തൻ ശകുന്തളയെ സന്തോഷപൂർവം സ്വീകരിച്ചു.

## ■ ശീർഷകത്തിന്റെ ഔചിത്യം - ഋതുയോഗം

*വസന്താഗമം - ഋതുക്കളിൽ വച്ച് ശ്രേഷ്ഠവും സുന്ദരവുമാണ് വസന്തം (ഋതു).

*വസന്തത്തിൽ ലതകൾ പൂവണിയിന്നു. മോതിരം ധരിക്കൽ സൗഭാഗ്യ ചിഹ്നം - ശകുന്തളയുടെ ജീവിതത്തിലുണ്ടാകാൻ പോകുന്ന സൗഭാഗ്യം(ശാകുന്തളം കഥയിലെ സൂചനകൾ)

*ശകുന്തള - ദുഷ്ഷന്ത പുനഃസ്സമാഗമം -ഋതുയോഗം (കൂടിച്ചേരൽ)

## ■ കഥാപാത്ര നിരൂപണം - സർവദമനൻ

*സർവദമനൻ - എല്ലാറ്റിനേയും അടക്കുന്നവൻ എന്ന് അർത്ഥം.

*തള്ളയുടെ മുലകുടിച്ച് നിൽക്കുന്ന സിംഹക്കുട്ടിയുടെ കുഞ്ചിരോമങ്ങൾ പിടിച്ചു വലിക്കുന്നത്..

*വായ പൊളിച്ച് പല്ല് എണ്ണുന്നത്.

*സർവദമനിൽ ബാല്യത്തിന്റെ നിഷ്കളങ്കതയും കുസൃതിയും കാണുന്നുണ്ട്.

*ആശ്രമവാസികളെ കുസൃതിനിറഞ്ഞ നിഷ്കളങ്ക പ്രവർത്തികളാലും സഹജീവികളെ സ്നേഹ പരിചരണങ്ങളാലും വരുതിയിലാക്കുന്ന സർവദമനൻ.

*മഹർഷിമാർ നൽകിയ പേര് , ലൗകിക കാര്യങ്ങളിൽ നിന്ന് ഇന്ദ്രിയങ്ങളെ അടക്കി വിജയം നേടിയവൻ എന്ന് അർത്ഥമുണ്ട്.

*ഈ ആശ്രമ ബാലന്റെ കുസൃതികളാണ് ദുഷ്ഷന്തനെ ആകർഷിക്കുന്നത്.

## കാവ്യഭംഗി /ചമൽക്കാരഭംഗി/ അലങ്കാരഭംഗി

- *ഉപമകാളിദാസസ്യ, തത്ര ശാകുന്തളം വരം*

  **വിളങ്ങുന്ന രാഗം ഭൂശമെഴുമുഷസ്സിൽദ്ദലകുലം*
  *തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ*

* സർവദമനന്റെ ഇളം കൈകൾ ➡ താമരപ്പൂവിന്റെ ചെമപ്പുനിറവും മൃദുലതയും.

" വിളക്കി ചേർത്തതു പോലുള്ള വിരൽ, പ്രഭാതത്തിൽ പൂർണമായും വിടന്നിട്ടില്ലാത്ത. താമര പൂവിന്റെ ഇതളുകൾ പോലെ തോന്നിച്ച

*ഉഷസ്സ് ➡ സർവദമനന്റെ ബാലത്വത്തെ ധ്വന്യാത്മകമായി ആവിഷ്കരിക്കുന്നത്.

** തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ*
*ചെറുപാമ്പ് ചന്ദനമരത്തിനെന്ന പോൽ"*

ആശ്രമ വിരുദ്ധമായ കാര്യങ്ങൾ ചെയ്ത് നിന്റെ ശ്രേഷ്ഠ ജന്മത്തിന് കളങ്കമുണ്ടാക്കരുത്.
( സർവദമനന്റെ തെറികൾ- കുസൃതികൾ -സൂചന)

** മോഹമകന്ന തെളിഞ്ഞേൻ ..................................രാഹുവിനെ വിട്ട ചന്ദ്രൻ*

ഗ്രഹണം തീരുമ്പോൾ രാഹുവിനെ ഉപേക്ഷിച്ച് ചന്ദ്രൻ രോഹിണിയോടൊത്തു ചേർന്ന പോലെ.

*ശാപ ശക്തികൊണ്ട് ശകുന്തളയെ മറന്ന ദുഷ്ഷന്തൻ, ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിയുന്നത്.

**മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ ............................കളയും പാമ്പിതെന്നോതിയന്ധൻ*

*തലയിലിട്ട കൊടുത്ത പൂമാലയും കാഴ്ചയില്ലാത്തവൻ പാമ്പാണെന്ന് കരുതി കുടഞ്ഞു കളയും. ശകുന്തളയെന്ന നന്മയെ തിരിച്ചറിയാൻ തന്റെ കളങ്കം നിറഞ്ഞ മനസ്സിന് കഴിഞ്ഞിരുന്നില്ലെന്ന ദുഷ്ഷന്തന്റെ കുറ്റസമ്മതം.*

## ■ രചനാതന്ത്രം: നാടകീയ മുഹൂർത്തങ്ങൾ

* ആകസ്മികമായുള്ള ദുഷ്ഷന്തന്റെ രംഗപ്രവേശം- സർവദമനൻ സിംഹക്കുട്ടിയുമായികളിച്ചുകൊണ്ടിരിക്കുമ്പോൾ.

* ശകുന്താലാസ്യം എന്ന പ്രയോഗം – ശകുന്തത്തിന്റെ നൃത്തം- ശകുന്തളയുടെ മുഖം – ഒരേ

പ്രയോഗത്തെ താപസിയും സർവദമനനും വ്യത്യസ്ത അർത്ഥത്തിൽ മനസ്സിലാക്കുന്നത്.

* രക്ഷ - ദുഷ്ഷന്തൻ എടുക്കുന്നത് - ആകാംക്ഷ
* കാൽക്കൽ വീണ് ദുഷ്ഷന്തൻ മാപ്പിരക്കുന്നത്.

## ■ മുഖ്യകഥാപാത്രങ്ങൾ

ദുഷ്ഷന്തൻ , ശകുന്തള , സർവദമനൻ , കശ്യപൻ

* ഗൗതമി - കണ്വാശ്രമത്തിലെ വൃദ്ധതാപസി - ശകുന്തളയുടെ വളർത്തമ്മ.
* മാതലി - ദേവേന്ദ്രന്റെ സാരഥി, ദേവാസുര യുദ്ധം കഴിഞ്ഞു മടങ്ങുന്ന ദുഷ്ഷന്തനെ ഹേമകൂടത്തിലെത്തിച്ച് ശകുന്തള സമാഗമത്തിന് വഴിയൊരുക്കുന്നു.
* മാരീചൻ - (കശ്യപ പ്രജാപതി) ദേവേന്ദ്രന്റെ പിതാവായ മഹർഷി. ഭർത്താവ് ഉപേക്ഷിച്ച ശകുന്തളയെ,മാതാവായ മേനക മാരീചാശ്രമത്തിലാണ് കൊണ്ടു ചെന്നാക്കിയത്.
* അദിതി - ദക്ഷന്റെ പുത്രി- ദാക്ഷായണി - ദേവമാതാവ്.

## ■ ജാതി സ്വഭാവം

- ക്ഷത്രിയഭാവം - ക്ഷത്രിയന്റെ ഹിംസ ഭാവം ,
- വീരബാലൻ--വീര ലക്ഷണങ്ങൾ തികഞ്ഞ ബാലകൻ.

## ■ വിഗ്രഹാർഥം

- പൂമേനി - പൂപോലുള്ള മേനി
- മഹർഷി ബാലൻ - മഹർഷി വളർത്തിയ ബാലൻ
- സിംഹബാലകൻ - സിംഹത്തിന്റെ ബാലകൻ
- താംബൂല ചർവണം - താംബലം ചർവണം ചെയ്യൽ
- പല്ലിൻ മൊട്ടുകൾ - പല്ലുകളാകുന്ന മൊട്ടുകൾ
- ഗളരോമങ്ങൾ - ഗളത്തിലെ രോമങ്ങൾ
- വീരബാലൻ - വീരനായ ബാലൻ
- ശകുന്തലാസ്യം - ശകുന്തത്തിന്റെ ലാസ്യം
- ബിംബാധരം - ബിംബം പോലുള്ള അധരം

- ## കാനൽ ജലം --(മരീചിക, മൃഗതൃഷ്ണ )

** മരുഭ്രമിയിൽ സൂര്യ പ്രകാശം പതിക്കുമ്പോൾ വെള്ളമുണ്ടെന്ന തോന്നൽ ഉണ്ടാകും. മരുഭൂമിയിലെ ദാഹിച്ച് വലയുന്ന മൃഗങ്ങൾ (മൃഗതൃഷ്ണ) ഇത് വെള്ളമാണെന്ന് കരുതി പിന്നാലെ ഓടി,അവസാനം ദാഹിച്ചുവലഞ്ഞ് മരണമടയുന്നു.ഇവിടെ (നാടക സന്ദർഭത്തിൽ) ബാലനെ സ്പർശിച്ചപ്പോൾ ലഭിച്ച ശരീരസുഖം, പുരുവംശം എന്ന താപസിയുടെ പ്രതികരണം, ബാലനും രാജാവിനും ഒരേ ഛായ, ധർമപത്നി ഉപേക്ഷിച്ച രാജാവ്; ബാലന്റെ അമ്മയുടെ പേർ ശകുന്തള എന്നിങ്ങനെയുള്ള സൂചനകളിൽ, ദുഷ്ഷ്യന്തന് കാര്യങ്ങൾ ഏറെക്കുറെ വ്യക്തമാവുന്നു. രാജാവിന് ആകാംക്ഷയുണ്ടാവുന്നു.അതേസമയം ശകുന്തള എന്ന പേർ അനേകം പേർക്ക് വരുന്നതാണല്ലോയെന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നുണ്ട്. അതുകൊണ്ടാണ് കേട്ട കാര്യങ്ങൾ എല്ലാം **കാനൽ ജലം പോലെ** ഒടുവിൽ തനിക്ക് ദുഃഖത്തിന് കാരണമാകാതിരുന്നാൽ മതിയായിരുന്നുവെന്ന് രാജാവ് ചിന്തിക്കുന്നത്.*

- ## *സാനുമതി പറഞ്ഞത്*

- *ശകുന്തളയുടെ മാതാവായ മേനകയുടെ സുഹൃത്താണ് സാനുമതി. ഇവർ ഒരു അപ്സരസ്സാണ്.ശകുന്തളയുടെ നിർദ്ദേശപ്രകാരം ദുഷ്ഷന്റെ കൊട്ടാരത്തിലെത്തിയ സാനുമതി മറഞ്ഞിരുന്ന് രാജാവിന്റെ അവസ്ഥകൾ വീക്ഷിക്കുന്നുണ്ട്. കളഞ്ഞ് പോയ മുദ്രമോതിരം മുക്കുവന് കിട്ടുന്നതും അത് കൊട്ടാരത്തിൽ ഏൽപ്പിക്കുന്നതും കഥയിലെ പ്രധാന വഴിത്തിരിവാണല്ലോ. മോതിരം കണ്ടയുടനെ രാജാവിന് ശകുന്തളയെ ഓർമ വരുന്നു. തുടർന്ന് രാജാവിനുണ്ടാകുന്ന സങ്കടങ്ങളും വിഷമങ്ങളും ശകുന്തളയോട് രാജാവിനുള്ള സ്നേഹവുമെല്ലാം സാനുമതി ഒളിഞ്ഞിരുന്ന് കാണുണ്ടായിരുന്നു. കൊട്ടാരത്തിൽ നിന്ന് തിരിച്ച് വന്ന സാനുമതി ,താൻ ദൃക്ക്സാക്ഷിയായ ,രാജാവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാംശകുന്തളയെ ബോധിപ്പിക്കുന്നുണ്ട്. പാഠ സന്ദർഭത്തിൽ സർവദമന്റെ രക്ഷ ദുഷ്ഷന്തൻ കെട്ടി കൊടുത്തിട്ടും ഒരു മാറ്റവും സംഭവിച്ചില്ല. ഈ അവസ്ഥയിലും ശകുന്തളയ്ക്ക് തന്റെ ഭാഗ്യത്തിൽ (ദുഷ്ഷന്ത പുനഃ സമാഗമം)വിശ്വാസം വരുന്നില്ല. അല്ലെങ്കിൽ പിന്നെ **സാനുമതി പറഞ്ഞ പോലെ** സംഭവിക്കാവുന്നതാണല്ലോ എന്ന് ശകുന്തള സമാധാനിക്കുന്നു.*

---




തയ്യാറാക്കിയത് :

**സുരേഷ് അരീക്കോട് (9562521509)**

MA( malayalam )MA ( English )MA( Journalism )

HST ( malayalam)

GHSS Areekode, Malappuram